**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1872** **31-08-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധനയാനങ്ങൾ തകർന്നതിന് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കടൽക്ഷോഭത്തിലും മറ്റുമായി മത്സ്യബന്ധനയാനങ്ങൾ തകർന്നതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി വൈപ്പിൻ മണ്ഡലത്തിലെ എത്ര പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | കടൽക്ഷോഭത്തിലും മറ്റുമായി മത്സ്യബന്ധനയാനങ്ങൾ തകർന്നതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി വൈപ്പിൻ മണ്ഡലത്തിൽ നിന്ന് 3 പേരാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. ശ്രീ. ജോർജ്ജ് ആംബ്രോസ്, പൊത്തനാട് വീട്, മാലിപ്പുറം എന്ന മത്സ്യത്തൊഴിലാളിയുടെ ഉടമസ്ഥതയിലുള്ള IND-KL-04-MM-3137 നമ്പർ രജിസ്ട്രേഷനുള്ള 'കാസ 2' എന്ന ഫൈബർ വള്ളം മത്സ്യബന്ധനത്തിനിടെ 19/11/2021 ന് മുങ്ങി താഴുകയും വള്ളത്തിലുണ്ടായിരുന്ന രണ്ട് വലകൾ, എക്കോസൗണ്ടർ എന്നിവ നഷ്ടപ്പെടുകയും ചെയ്തു.<br><br>2. ശ്രീ. ജോഷി.പി.കെ, പാലശ്ശേരി ഹൗസ്, മാലിപ്പുറം പി.ഒ, വൈപ്പിൻ എന്ന മത്സ്യത്തൊഴിലാളിയുടെ "തമ്പുരാൻ" (രജിസ്ട്രേഷൻ നമ്പർ IND-KL-04-MO-990) എന്ന തടിയിൽ നിർമ്മിച്ച വള്ളം 06/09/2021 ന് കടൽ ക്ഷോഭത്തിൽപെട്ട് മറിയുകയും, അതിലുണ്ടായിരുന്ന മത്സ്യബന്ധനോപ കരണങ്ങൾ, എഞ്ചിൻ ഉൾപ്പെടെ നഷ്ടപ്പെട്ടു. ടി വള്ളത്തിനെ രക്ഷിക്കാൻ എത്തിയ ടിയാന്റെ ഉടമസ്ഥതയിലുള്ള "വല്ലാർപാടത്തമ്മ" എന്ന വള്ളവും അപകടത്തിൽപെട്ട് നഷ്ടം സംഭവിച്ചിട്ടുണ്ട്.<br><br>3. ശ്രീ.സി.എ. സ്റ്റീഫൻ ചാകൃമുറിയിൽ എന്ന വ്യക്തിയുടെ മേരിയമ്മ (രജിസ്ട്രേഷൻ നമ്പർ IND-KL-04-MM-173) എന്ന മത്സ്യബന്ധനയാനം 16/03/2017 ന് മത്സ്യബന്ധനം കഴിഞ്ഞ് മടങ്ങി വരുമ്പോൾ അപകടത്തിൽപ്പെട്ട് പൂർണ്ണമായി തകരുകയും ആയതിനു നഷ്ടപരിഹാരം അനുവദിക്കണമെന്ന് അപേക്ഷ ലഭ്യമായിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത നഷ്ടപരിഹാരം ലഭിക്കുന്നതിനായി മാലിപ്പുറം പോത്തനാട് വീട്ടിൽ അംബ്രോസ്, മാലിപ്പുറം പാലിശേരി വീട്ടിൽ പി.കെ. ജോഷി, എളകുന്നപ്പുഴ അഴിക്കൽ കരയിൽ പണ്ടാരപ്പറമ്പിൽ സുനിൽ സണ്ണി ഡിക്കുഞ്ഞ, പുതുവൈപ്പ് ചാക്യാമുറി വീട്ടിൽ സ്റ്റീഫൻ തുടങ്ങിയവർ സമർപ്പിച്ചിരുന്ന അപേക്ഷകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; നഷ്ടപരിഹാരം എപ്പോൾ ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | ശ്രീ. ജോർജ്ജ് ആംബ്രോസ് പോത്തനാട് മാലിപ്പുറം എന്ന വ്യക്തിക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിന് വള്ളത്തിന് 2,21,250/- രൂപയും, വലക്ക് 16,250/- രൂപയും കൂടി ആകെ 2,18,405 രൂപ നഷ്ടപരിഹാരം കണക്കാക്കി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അപകടം നടക്കുന്ന സമയത്ത് യാനത്തിനു ലൈസൻസും ഇൻഷ്വറൻസും ഉണ്ടായിരുന്നില്ല. ആയതിനാൽ ടിയാന് നഷ്ടപരിഹാരം അനുവദിക്കാൻ കഴിയുന്നതല്ല.<br><br>ശ്രീ. ജോഷി പി.കെ. പാലശ്ശേരി ഹൗസ്, മാലിപ്പുറം പി.ഒ എന്നയാളുടെ IND-KL-04-MO-2859 എന്ന രജിസ്ട്രേഷനിലുള്ള വല്ലാർപാടത്തമ്മ 4 എന്ന വള്ളത്തിന് 27,250/- രൂപയും വലക്ക് 16,250/- രൂപയും കൂടി ആകെ 43,500 രൂപയും IND-KL-04-MO-990 എന്ന രജിസ്ട്രേഷനിലുള്ള തമ്പുരാൻ എന്ന വള്ളത്തിന് 1,18,113 രൂപയും നഷ്ടപരിഹാരം കണക്കാക്കി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നഷ്ടപരിഹാരം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>പുതുവൈപ്പ് ചാക്യമുറിയിൽ വീട്ടിൽ സ്റ്റീഫൺ സമർപ്പിച്ച അപേക്ഷയിൽ അന്വേഷണം നടത്തി 66,000/- രൂപ നഷ്ടപരിഹാരം കണക്കാക്കി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു.<br><br>എളങ്കുന്നപ്പുഴ അഴീക്കൽ കരയിൽ പണ്ടാരപ്പറമ്പിൽ സുനിൽ സണ്ണി.ഡി.കുഞ്ഞ എന്നയാളുടെ അപേക്ഷ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ